# <u>അമ്മയാണ് എന്റെ ലോകം</u>

കവിത

എന്റെ അമ്മയാണിന്നെനിക്കു ലോകം
എന്റെ സുഖങ്ങളിൽ, കൂടെ ചിരിക്കുന്ന,
എന്റെ ദുഖങ്ങളിൽ മഴയായ് കരയുന്ന
മാതാവാണ് എനിക്കെന്റെ ലോകം.........

ആദ്യം സങ്കടങ്ങൾ സ്വയം സഹിച്ചും
പിന്നെ ദുഖങ്ങളിൽ പങ്കുചേർന്നും
പിന്നീട് ദുഃഖങ്ങൾ പങ്കുവെച്ചും
ഒരായുസ്സുമുഴുവൻ
എന്റെ  ചാരെ നിന്ന
എന്റെ മാതാവാണിന്നെനിക്കെന്റെ ലോകം

എന്റെ കുസൃതികളിൽ കൂടെ കളിച്ച സുഹൃത്ത്,
വിവേകം പകർന്നുനൽകിയ അധ്യാപിക
ശാന്തത നൽകിയ സംഗീതം
സ്നേഹം പകർന്നുനൽകിയ ദേവത
എന്റെ ജീവിതത്തെ പൂന്തോട്ടമാക്കിയ
എന്റെ മാതാവാണിന്നെനിക്കെന്റെ ലോകം.

..............................................................................................................................

രചന: നുസൈറ
പത്താംതരം എ